## കെ.പി അബ്ദുല്ല ഹമദാനി

**ഇസ്‌ലാമും** ഇസ്‌ലാമിക പ്രസ്ഥാനവും ഹൃദയത്തിൽ ഏറ്റുവാങ്ങി നാലുപതിറ്റാണ്ടോളം പ്രബോധകനായി ജീവിച്ച വ്യക്തിത്വമായിരുന്നു കെ.പി അബ്ദുല്ല ഹമദാനി (61). കോഴിക്കോട് ജില്ലയിലെ നന്തിയിലെ പ്രശസ്തമായ ഖാദി കുടുംബത്തിലെ അംഗവും കൊയിലാണ്ടി കൊല്ലം കൊളക്കണ്ടിപുരയിൽ മുഹമ്മദ് ഹമദാനി മുസ്‌ലിയാരുടെ മകനുമായി ജനിച്ച അദ്ദേഹം വിവിധ ദർസുകളിൽ പഠനം പൂർത്തിയാക്കി. പയ്യോളിയിൽ ജോലി ചെയ്യുമ്പോഴാണ് ജമാഅത്തു സാഹിത്യം വായിക്കുകയും തുടർന്ന് പ്രസ്ഥാനത്തിൽ ആകൃഷ്ടനാവുകയും ചെയ്തത്. മരണം വരെ പ്രസ്ഥാനപ്രവർത്തനങ്ങളിൽ വ്യാപൃതനായി. ഇരുപത്തഞ്ചുവർഷത്തോളം താമരശ്ശേരി മസ്ജിദുന്നൂറിൽ ഖത്വീബായിരുന്നു. ചേളന്നൂർ, കൊടുവള്ളി എന്നിവിടങ്ങളിൽ ഖത്വീബും പ്രധാനാധ്യാപകനുമായിരുന്നിട്ടുണ്ട്. മരിക്കുമ്പോൾ പരപ്പൻ പൊയിലിൽ ഖത്വീബായിരുന്നു. കക്കാടം പൊയിൽ, കൂടരത്തി,ചെമ്പുകടവ്, തിരുവമ്പാടി, അടിവാരം, കാക്കവയൽ, കണ്ണപ്പൻകുണ്ട്, മണൽ വയൽ, കൈതപ്പൊയിൽ, മുണ്ടപ്പുറം, കട്ടിപ്പാറ, കോളിക്കൽ മുതലായ മലയോരമേഖലകളിൽ സദാ സുസ്മേരവദനനായ ഒരു ഫുൾടൈം പ്രവർത്തകനായി ഹമദാനി എല്ലാവർക്കും സുപരിചിതനായിരുന്നു. കൈതപ്പൊയിൽ, ഈങ്ങാപ്പുഴ, ചമൽ, മുണ്ടപ്പുറം, നെരോത്ത് എന്നിവിടങ്ങളിലെ പള്ളികളുടെ നിർമാണത്തിന് പശ്ചാത്തലമൊരുക്കാൻ ഹമദാനി മുന്നിലുണ്ടായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന് നേതൃതലങ്ങളിൽ പിൽക്കാലത്ത് ശക്തമായ പിൻബലമായി മാറിയ ചില കുടുംബങ്ങളെ പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചത് ഹമദാനിയാണ്. ഹമദാനിയിൽ ആകൃഷ്ടനായ ഒരു ക്രൈസ്തവ പുരോഹിതൻ താമരശ്ശേരി നൂർ മസ്ജിദിൽ ജുമുഅ ഖുത്വുബ കേൾക്കാനും നമസ്കാരം വീക്ഷിക്കാനുമായി വരികയുണ്ടായി. ശേഷം ഇസ്‌ലാമിനെക്കുറിച്ചു പഠിക്കാനും ചർച്ച ചെയ്യാനുമായും പള്ളിയിൽ വന്നിരുന്നു. ഇസ്‌ലാമിക പ്രവർത്തനരംഗത്ത് സജീവമായിരിക്കെ മസ്തിഷ്കാഘാതത്തെത്തുടർന്നായിരുന്നു അദ്ദേഹത്തിന്റെ വിയോഗം.



**എം.എ യൂസുഫ്**

## എച്ച്. മുഹമ്മദ് ഷാജി

**മുഹമ്മദ്** ഷാജി കൊല്ലം ചടയമംഗലം ഏരിയയിലെ അമ്പലംകുന്ന് ഹൽഖയിലെ കാർക്കുൻ ആയിരുന്നു. 1986 മുതൽ പ്രസ്ഥാനത്തെ പരിചയപ്പെട്ട അദ്ദേഹം ഹൽഖാ സെക്രട്ടറി, ജില്ലാ സമിതി അംഗം എന്നീ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഏഴംകുളത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി (വി.ഇ.ഒ)ട്ടാണ് അദ്ദേഹം ജോലിയിൽ പ്രവേശിച്ചത്. ജനറൽ എക്സറ്റൻഷൻ ഓഫീസറായി (ജി.ഇ.ഒ) പ്രൊമോഷൻ ലഭിച്ച് വെളിയനാട് ബ്ലോക്ക് പരിധിയിൽ ജോലി തുടരവെയാണ് അദ്ദേഹത്തിന് അപകടം സംഭവിച്ചത്. ജോലി സ്ഥലത്തുനിന്ന് ബൈക്കിൽ വീട്ടിലേക്കു വരുമ്പോഴായിരുന്നു അപകടം. സാരമായ പരിക്കേറ്റ അദ്ദഹം കഴിഞ്ഞ ഒന്നരവർഷമായി, ഭാഗികമായി അബോധാവസ്ഥയിൽ സംസാരശേഷി നഷ്ടപ്പെട്ട് ചികിത്സയിൽ കഴിയുകയായിരുന്നു. സുഊദി അറേബ്യയിലെ ദമാം,രിയാദ് എന്നീ സ്ഥലങ്ങളിൽ അക്കൗണ്ടന്റ് ആയി ജോലി നോക്കിയിരുന്ന പത്ത് വർഷം, ഷാജി സാഹിബും കുടുംബവും അവിടങ്ങളിലെ പ്രസ്ഥാന പ്രവർത്തനമേഖലയിലെ സജീവ സാന്നിധ്യമായിരുന്നു. ദമാമിൽ, സോണൽ ശൂറാ മെമ്പർ, മലർവാടി കോ-ഓർഡിനേറ്റർ, സിജി കൗൺസിലർ എന്നീ ചുമതലകൾ വഹിച്ചിരുന്നു. ബി.കോം ബിരുദധാരിയായിരുന്ന ഷാജി സാഹിബ് സ്വന്തം പഠന പരിശ്രമങ്ങളിലൂടെ ഖുർആൻ പഠനം, അറബിക് ഭാഷാ പഠനം എന്നിവയിൽ ശ്രദ്ധിക്കുകയും ഇസ്‌ലാമിക വിഷയങ്ങളിലും വ്യക്തിത്വ വികസനം, നേതൃപരിശീലനം എന്നീ മേഖലകളിലും ഈടുറ്റ ക്ലാസുകൾ നയിക്കുകയും ചെയ്തിരുന്നു. ദമാമിലെ പൊതു സേവനവേദിയായ SKIFF മായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയും നാട്ടിലെ അർഹരായ സാധുക്കൾക്ക് പരമാവധി സഹായം എത്തിക്കുകയും ചെയ്തിരുന്നു. ബി.കോം ബിരുദധാരിണി ആയ തന്റെ സഹധർമിണി മുംതാസിനെയും ഖുർആൻ -ഇസ്‌ലാമിക പഠനത്തിലൂടെ ഇസ്‌ലാമിക കർമസരണിയിൽ ഉറപ്പിച്ച് നിർത്തുകയും, വനിതാ ക്ലാസുകൾ നയിക്കുന്ന തലത്തിലേക്കു ഉയർത്തിക്കൊണ്ടുവരുകയും ചെയ്തു അദ്ദേഹം. ദമാമിൽ കെ.ഐ.ജി യൂണിറ്റ് പ്രസിഡന്റായും രിയാദിൽ എസ്.ഐ.ജി.ഐ, എച്ച്.ആർ കോർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. തന്നിൽ ഏൽപ്പിക്കപ്പെടുന്ന ചുമതലകൾ കൃത്യതയോടെയും അർപ്പണമനസ്ഥിതിയോടെയും നിർവഹിക്കുന്ന കാര്യത്തിൽ ഷാജിസാഹിബ് കണിശത പുലർത്തിയിരുന്നു. പ്രസ്ഥാന പ്രവർത്തന രംഗത്ത് തന്റെ കുടുംബത്തെയും കൂടെ കൂട്ടുന്ന കാര്യത്തിൽ, പ്രവാസ കാലത്തും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.



പ്രവാസജീവിതത്തിനു ശേഷം നാട്ടിലെത്തിയ ഷാജി സാഹിബ് ജമാഅത്ത് ഏരിയാ, ജില്ലാ സമിതികളിൽ അംഗം,ജില്ലാ ദഅ്വാസെൽ കൺവീനർ, ഖുർആൻ സ്റ്റഡിസെന്റർ ജില്ലാ കോർഡിനേറ്റർ, സ്ഥാപന സമിതി കൺവീനർ, ഐ.എസ്.ടി സ്ഥാപനമായ അൽ-ഹാദി അറബിക് കോളേജ് മാനേജർ എന്നീ ചുമതലകൾ വഹിച്ചിരുന്നു.

മൂത്ത മകൻ ഷിയാസ്, ഹൈദരാബാദിൽ എം.ടെക് എൻട്രൻസ് കോച്ചിംഗിനും രണ്ടാത്തെ മകൻ ഇഅ്ജാസ് തിരുവന്തപുരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിനും ഇളയ മകൻ ഫായിസ് ഏഴാം ക്ലാസിലും പഠിക്കുന്നു.

**ഡോ. കെ.എ വാഹിദ്**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*